LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ മാവേലി സ്റ്റോറുകൾ

28 [3450] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ ഉണ്ട്;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ പുതുതായി എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചുവെന്നും അവ ഏതൊക്കെ ആണെന്നും വ്യക്തമാക്കാമോ;

(സി) ഈ ജില്ലയിൽ പുതുതായി മാവേലി സ്റ്റോറുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 27 മാവേലി സ്റ്റോറുകൾ.

(ബി) വെള്ളിക്കോത്ത്, കുണ്ടംകുഴി എന്നിവിടങ്ങളിൽ 2 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചു.

(സി) ഗതാഗതസൗകര്യം, വിപണനസാദ്ധ്യത, അനുയോജ്യമായ കെട്ടിടം, ആദ്യത്തെ രണ്ടു വർഷം കെട്ടിടവാടക അതാത് പഞ്ചായത്തുകൾതന്നെ നൽകുക എന്നീ മാനദണ്ഡങ്ങൾ അനുസരിച്ച് കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വ്യാപകമാക്കുവാൻ നടപടി

29 [3451] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
„ *കെ. സുധാകരൻ:*
„ *ടി. എൻ. പ്രതാപൻ:*
„ *വർക്കല കഹാർ:*
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വ്യാപകമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഹോൾസെയിൽ പർച്ചേസ് നടത്തുന്നതിന്റെ ഫലമായി കിട്ടുന്ന വിലക്കുറവിന്റെ പ്രയോജനവും ഗവൺമെന്റ് നൽകുന്ന സബ്സിഡിയുടെ പ്രയോജനവും ജനങ്ങളിലേക്ക് പകർന്നുകൊണ്ട് മാർജിൻഫ്രീ മാർക്കറ്റുകളുമായി വിജയകരമായി മത്സരിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന് വമ്പിച്ച പ്രചാരണം നൽകുമോ;

(ഡി) ഗവൺമെന്റ് സമയമനുസരിച്ച് പ്രവർത്തിപ്പിക്കുന്ന രീതി മാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഒരു ബിസിനസ് സ്ഥാപനമായി പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെകീഴിൽ 870 മാവേലി സ്റ്റോറുകളും 184 ശബരി സൂപ്പർ മാർക്കറ്റുകളും 46 മാവേലി മെഡിക്കൽ സ്റ്റോറുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സപ്ലൈകോ ശബരി സ്റ്റോർ എന്ന പേരിൽ തെരഞ്ഞെടുത്ത 1400 റേഷൻകടകൾവഴി മാവേലി സ്റ്റോറിലെ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. 947 ശബരി സ്റ്റോറുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. ശബരി തേയില, ശബരി കറി പൗഡറുകൾ, ശബരി ഉപ്പ് എന്നിവയ്ക്കു പുറമേ ശബരി വെളിച്ചെണ്ണയും ശബരി പാമോലിനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണിയിൽ ഇറക്കിക്കഴിഞ്ഞു. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോയുടെ ബ്രാൻഡ് നെയിമിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഇവ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രചാരണം നൽകുന്നുണ്ട്.

(ഡി) ബിസിനസ് സ്ഥാപനമായാണ് പ്രവർത്തിക്കുന്നത്.

ഓണക്കാലത്ത് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമുഖേനയുള്ള ആനുകൂല്യങ്ങൾ

30 [3452] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വരുന്ന ഓണക്കാലത്ത് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമുഖേന സംസ്ഥാനത്ത് പാവപ്പെട്ടവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly